LIBRARY ARCHIVES Kerala Legislative Assembly

ബിയർ പാർലറുകൾ

152 (1978) ശ്രീ കെ. കഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് അടച്ചുപൂട്ടിയ ബാറുകൾ ബിയർ പാർലറുകളായി മാറ്റിയതുവഴി എത്ര കോടി രൂപയുടെ നികുതി നഷ്ടം ഉണ്ടാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

സർക്കാരിന്റെ പുതിയ മദ്യനയത്തിന്റെ ഭാഗമായി 712 എഫ്.എൽ-3 ലൈസൻസുകൾ നിർത്തലാക്കിയതുമൂലം ലൈസൻസ് ഫീസിനത്തിൽ മാത്രം എക്സൈസ് നികുതി വരുമാനത്തിൽ 163.76 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്. കൂടാതെ പിഴയിനത്തിലും മറ്റും ടി ലൈസൻസികളിൽനിന്നും ലഭിച്ചിരുന്ന വരുമാനത്തിലും നഷ്ടം ഉണ്ടായിട്ടുണ്ട്.

സംസ്ഥാനത്ത് നിർത്തലാക്കിയ എഫ്.എൽ.3 ലൈസൻസുകളിൽ 670 എണ്ണത്തിന് ബിയർ/വൈൻ പാർലർ ലൈസൻസുകൾ അനുവദിച്ചു നൽകിയിട്ടുണ്ട്. ഇതുവഴി എക്സൈസ് നികുതി വരുമാനത്തിൽ 26.8 കോടി രൂപ സമാഹരിക്കാനായിട്ടുണ്ട്. പിഴയിനത്തിലും മറ്റും ടി ലൈസൻസികളിൽനിന്നും ലഭിച്ചിരുന്ന വരുമാനം നിശ്ചിത വരുമാനം അല്ലാതിരുന്നതിനാൽ കൃത്യമായ നികുതി നഷ്ടം എത്രയാണെന്ന് കണക്കാക്കാനായിട്ടില്ല.

നാഷണൽ ഹൈവേകളുടെ വശങ്ങളിലുള്ള ബിവറേജസ് ഔട്ട് ലെറ്റുകൾ

153 (1979) ശ്രീ പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.എച്ച്. 212-ൽ കുന്ദമംഗലം ടൗണിൽ പ്രവർത്തിച്ചുവരുന്ന ബിവറേജ് ഔട്ട്ലെറ്റ് അടച്ചു പൂട്ടുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ ;

(ബി) പ്രസ്തുത ഔട്ട്ലെറ്റ് ഗതാഗതക്കുരുക്കിനും അപകടങ്ങൾക്കും ഇടയാക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

ഉത്തരം

(എ) എൻ.എച്ച്. 212-ൽ കുന്ദമംഗലം ടൗണിൽ പ്രവർത്തിച്ചുവരുന്ന എഫ്.എൽ-1-11012 കേരള ബിവറേജൻസ് ഔട്ട്ലെറ്റ് മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(ബി) പ്രസ്തുത ഔട്ട്ലെറ്റ് ഗതാഗതക്കുരുക്കിനും അപകടങ്ങൾക്കും ഇടയാക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.